പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 184 — 05/02/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് അഴിമതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. മുകേഷ്<br>„ ആർ. രാജേഷ്<br>„ ഐ.ബി. സതീഷ്<br>„ എസ്.രാജേന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | | (എ) യും (ബി) ഉം |
| (എ) | തിരുവിതാംകൂർ മുൻ ദേവസ്വം ബോർഡിന്റെ കാലത്ത് വലിയ തോതിലുള്ള അഴിമതി നടന്നെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ;വിശദാംശം ലഭ്യമാക്കാമോ; | | തിരുവിതാംകൂർ മുൻ ദേവസ്വം ബോർഡിനെതിരായ അഴിമതി ആരോപണങ്ങളെപ്പറ്റിയും മറ്റ് ആക്ഷേപങ്ങളെ സംബന്ധിച്ചും തിരുവനന്തപുരം പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -14, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നു വരുന്നുണ്ട് |
| (ബി) | മരാമത്ത് പണികളിലും ദിവസവേതനക്കാരുടെ നിയമനത്തിലും ഉൾപ്പെടെ കോടികളുടെ വെട്ടിപ്പ് നടന്നതായുള്ള ആക്ഷേപങ്ങൾ അന്വേഷിച്ചിരുന്നോ; അഴിമതി അന്വേഷണം അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന ബോർഡിനെതിരെയുള്ള പരാതിയെക്കുറിച്ച് പരിശോധിച്ചിരുന്നോ; | | |
| (സി) | ദേവസ്വം ബോർഡ് മുൻ സെക്രട്ടറിയുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും ജീവനക്കാരും അഴിമതി ആരോപണം നേരിടുന്ന പശ്ചാത്തലത്തിൽ ബോർഡിൽ അഴിമതി തടയുന്നതിനും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതിനും ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ? | (സി) | സാമ്പത്തിക കാര്യങ്ങളിൽ കർക്കശമായ പരിശോധനകളും സമയബന്ധിതമായ നടപടികളും സ്വീകരിക്കുന്നതിനായി ബോർഡിൽ ഒരു പരിശോധന വിഭാഗം (ഫിനാൻസ്) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ബോർഡിൽ ഒരു സ്പെഷ്യൽ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയ വില പിടിപ്പുള്ള ഉരുപ്പടികളുടെ കണക്കെടുത്ത് ഡിജിറ്റലൈസ് ചെയ്ത് മൂല്യനിർണ്ണയം നടത്താൻ സർക്കാർ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.ബോർഡിന്റെ ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ